LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാജാജി നഗറിന്റെ സമഗ്ര വികസനത്തിനായി ആയിരത്തോളം ഫ്ലാറ്റുകളും വാണിജ്യ സമുച്ചയവും ഉൾപ്പെടുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിലുള്ള കാലപ്പഴക്കം ചെന്ന ഫ്ലാറ്റുകൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുന്നതിന് പ്രദേശവാസികളെ മാറ്റിപാർപ്പിക്കേണ്ടതുണ്ട്.

(സി) അതെ.

(ഡി) ഈ സ്ഥലം റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് മറിച്ചു നൽകുന്നില്ല. ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള അർബൻ ഹൗസിംഗ് മിഷനും വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിനുള്ള സ്ഥലം പൊതുമേഖലാ സ്ഥാപനമായ കെ.യു.ആർ.ഡി.എഫ്.സി.-ക്കും കൈമാറുവാനാണ് ഉദ്ദേശിക്കുന്നത്. ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വേണ്ടി വരുന്ന സ്ഥലത്തിന്റെ ബാക്കി വരുന്ന സ്ഥലത്ത് വാണിജ്യസമുച്ചയം നിർമ്മിച്ച് അതിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ഫ്ലാറ്റിന്റെ നിർമ്മാണത്തിന് ചെലവാകുന്ന തുക തിരികെ അടയ്ക്കുവാനും ലക്ഷ്യമിടുന്നു.

നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം

132 (3416) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ പ്രദേശങ്ങളിലെ ഗുരുതരമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്ക്കരിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എന്തെല്ലാം കർശന നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) നഗരസഭകളിൽ അനധികൃത നിർമ്മാണങ്ങൾ നടക്കാതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 14-2-2014-ലെ ജി.ഒ. (എം എസ്.) 39/2014/ത.സ്വഭവ. നമ്പർ വിജ്ഞാപന പ്രകാരം 31-3-2013-ന മുൻപുള്ള കാലയളവിൽ കെട്ടിട നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവൃത്തികൾ ചില നിബന്ധനകൾക്ക് വിധേയമായി കോമ്പൗണ്ടിംഗ് ഫീസ് വസൂലാക്കി റഗുലറൈസ് ചെയ്ത് നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 2014-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014-ലെ ചട്ടം 5(2)-ലെ പ്രൊവിസോ പ്രകാരം, കേരളാ മുനിസിപ്പാലിറ്റി ആക്ട് 1994-ലെ 383-A വകുപ്പ്, ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരം അംഗീകരിച്ച നഗരാസൂത്രണ പദ്ധതികൾ എന്നിവയ്ക്ക പുറമേ, എൻഷ്യന്റ് മോണുമെന്റ്സ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട് 1958-ഉം, ചട്ടങ്ങളും, കേരളാ കൺസർവേഷൻ ഓഫ് പാഡി ആന്റ് വെറ്റ്ലാന്റ് ആക്ട് 2008, കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം നോട്ടിഫൈ ചെയ്തിട്ടുള്ള കോസ്റ്റൽ സോൺ റെഗുലേഷൻസ് തുടങ്ങിയവപോലുള്ള ബാധകമായ മറ്റുനിയമ വ്യവസ്ഥകൾ എന്നിവ പാലിക്കാത്ത അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിച്ചുകൂടാത്തതാകുന്നതുകൂടാതെ, ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ് II-ൽ പ്രതിപാദിക്കുന്ന കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചില സുരക്ഷാ വ്യവസ്ഥകളും പാലിക്കേണ്ടതുണ്ട് എന്നും ടി ചട്ടത്തിൽനിന്നും വ്യക്തമാക്കുന്നുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 3-ൽ പ്രതിപാദിക്കുന്ന വിധം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതും, ചട്ടം 4 പ്രകാരം മുനിസിപ്പാലിറ്റിയിൽ അപേക്ഷ ഫീസ് ഒടുക്കേണ്ടതും, ചട്ടം 5 പ്രകാരമുള്ള നടപടിക്രമങ്ങൾ അപേക്ഷയിന്മേൽ സ്വീകരിക്കേണ്ടതുമുണ്ട്. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ഒടുക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കേണ്ട വിധം ടി ചട്ടങ്ങളിലെ അപ്പെൻഡിക്സ് I-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly